**ഭരണഭാഷ-മാതൃഭാഷ**

നമ്പർ എച്ച്(3)/52140/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 30.07.2018

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ.

സർ,

വിഷയം : പൊതു വിദ്യാഭ്യാസം - 2018 ലെ മലയാളഭാഷാ പഠനചട്ടങ്ങൾ - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്

സൂചന : 1) 02/06/2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 14/2018/പൊ.വി.വ
2) ഈ കാര്യാലയത്തിലെ 26-07-2018 ലെ ഇതേ നമ്പർ കത്ത്.

2018-ലെ മലയാളഭാഷാ പഠന ചട്ടങ്ങൾ സൂചന (2) ലെ കത്തിനോടൊപ്പം ഇ-മെയിലായി അയച്ചിരുന്നത് ലഭിച്ചു കാണുമല്ലോ. പ്രസ്തുത ചട്ടങ്ങൾ ശ്രദ്ധയോടെ വായിച്ച് തുടർനടപടികൾ ആസൂത്രണം ചെയ്യുക എന്നുള്ളതാണ് ഇനി അടിയന്തരമായി നിർവഹിക്കേണ്ട പ്രധാന ജോലി. ഇതിനായി താഴെപറയുന്ന വിവരങ്ങൾ ശ്രദ്ധിക്കുക.

(1) സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുള്ള പരിശോധന നടത്തുന്നതിനായി എല്ലാ റവന്യൂ/വിദ്യാഭ്യാസ ജില്ലാ തലങ്ങളിലും പരിശോധകരുടെ പാനൽ രൂപവത്കരിക്കേണ്ടതുണ്ട് (ചട്ടം 3). വിദ്യാഭ്യാസ ഉപഡയറക്ടർ തലത്തിൽ ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള അഞ്ച് (5) ഹൈസ്കൂൾ ടീച്ചർമാർ (മലയാളം) അടങ്ങുന്ന പാനൽ രൂപവത്കരിക്കണം. ഉപജില്ലകളിലെ പ്രൈമറി സ്കൂളുകളിൽ കൂടി പരിശോധന നടത്തേണ്ടതുള്ളതിനാൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ പ്രസ്തുത വിദ്യാഭ്യാസ ജില്ലയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള ഏഴ് (7) ഹൈസ്കൂൾ ടീച്ചർമാരുടെ (മലയാളം) പാനലിനാണ് രൂപം നൽകേണ്ടത്.

(2) ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഹൈസ്കൂളുകളിൽ മലയാളഭാഷാ പഠനം വിലയിരുത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, വിദ്യാഭ്യാസ ജില്ലാതല പാനലിൽ നിന്നുള്ള ഒരധ്യാപകൻ എന്നിവർ ചേർന്നാണ് പരിശോധന നടത്തേണ്ടത്. അധ്യയനവർഷം ആരംഭിച്ച് മൂന്നുമാസത്തിനുള്ളിൽ പ്രസ്തുത പരിശോധന പൂർത്തിയാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഫാറം 1-ൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(3) പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ മലയാളഭാഷാ പഠനം വിലയിരുത്തുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, വിദ്യാഭ്യാസ ജില്ലാതല പാനലിൽ നിന്നുള്ള ഒരധ്യാപകൻ എന്നിവർ ചേർന്നാണ് പരിശോധന നടത്തേണ്ടത്. ഈ പരിശോധനയുടെ റിപ്പോർട്ടും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഫാറം 1-ൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിക്കണം.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ വർഷം മേൽ ഖണ്ഡികകൾ പ്രകാരമുള്ള സ്കൂൾ പരിശോധനകൾ നടത്തി 31-08-2018 നകം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടർ രൂപവത്കരിക്കുന്ന പാനലിൽ ഉൾപ്പെടുന്ന അധ്യാപകർ ആരും തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ രൂപവത്കരിക്കുന്ന പാനലിൽ ഉൾപ്പെടാതിരിക്കാൻ (തിരിച്ചും) പ്രത്യേകം ശ്രദ്ധിക്കണം. പാനലിൽ ഉൾപ്പെടുന്ന അധ്യാപകർ അച്ചടക്ക നടപടികൾക്കൊന്നും വിധേയരായിട്ടില്ലാത്തവരാകണം.

പാനലുകളുടെ രൂപവത്കരണത്തിനായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും 2018 ആഗസ്റ്റ് 2 നകം ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ യോഗം വിളിക്കേണ്ടതും പ്രസ്തുത യോഗത്തിൽ വച്ച് റവന്യൂ, വിദ്യാഭ്യാസ ജില്ലാതല പാനലുകളുടെ രൂപവത്കരണം അന്തിമമാക്കേണ്ടതുമാണ്. പാനലുകൾ രൂപവത്കരിച്ചാൽ വിദ്യാഭ്യാസ ഉപഡയറക്ടർ മാരും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും അതു സംബന്ധിച്ച ഉത്തരവുകൾ 03-08-2018 നു തന്നെ പുറപ്പെടുവിക്കണം. റവന്യൂ ജില്ലാതല യോഗത്തിൽ വച്ച് ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ ആഗസ്റ്റ് മാസത്തെ സ്കൂൾ പരിശോധന സംബന്ധിച്ച ആസൂത്രണവും നടത്തണം. ഇതനുസരിച്ച് സ്കൂൾ പരിശോധന നടത്തി 31-08-2018 നകം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്ന വിവരം വിദ്യാഭ്യാസ ഉപഡയറക്ടർ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെ പ്രത്യേകം ഓർമ്മപ്പെടുത്തണം.

റവന്യൂ, വിദ്യാഭ്യാസ ജില്ലാതല പാനലുകളിലെ അധ്യാപകരുടെ വിവരങ്ങൾ ഇതോടൊപ്പമുള്ള മാതൃകാഫോറങ്ങളിൽ 03-08-2018 വൈകീട്ട് 5 മണിക്ക് മുൻപ് hsectiondpi@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ എത്തിക്കേണ്ടതാണ് (ഒരു എക്സൽ പേജിൽ തന്നെ രണ്ട് ഷീറ്റുകളിലായി റവന്യൂ, വിദ്യാഭ്യാസ ജില്ലാതല പാനലുകളിലെ വിവരങ്ങൾ രേഖപ്പെടുത്താനുള്ള മാതൃകാ ഫോറങ്ങളുണ്ട്.)

(4) ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ സ്കൂളുകളിൽ പരിശോധന നടത്തി ഒരു മാസത്തിനുള്ളിൽ ഫാറം 2-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ, റവന്യൂ ജില്ലാതല പാനലിലെ ഒരധ്യാപകൻ എന്നിവരാണ് വിദ്യാഭ്യാസ ഉപഡയറക്ടർതല പരിശോധനയ്ക്കായി സ്കൂളുകൾ സന്ദർശിക്കേണ്ടത്.

(5) മലയാള ഭാഷാ പഠനത്തിനായി എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ പഠിപ്പിക്കുന്നുണ്ടെന്നും സമയക്രമം അനുസരിച്ച് പഠനനിലവാരം മൂല്യനിർണയം നടത്തുന്നുണ്ടെന്നും പരിശോധക സംഘം ഉറപ്പുവരുത്തേണ്ടതാണ്. വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങൾ കൃത്യമായി എത്തിക്കുന്നതിനായി ജില്ലാ/ഉപജില്ലാ ഓഫീസർമാരും, വിദ്യാഭ്യാസ ഉപഡയറക്ടർമാരും ശ്രദ്ധപുലർത്തേണ്ടതാണ്.

(6) 2017 ലെ മലയാളഭാഷാ പഠന ആക്ടിന്റെ 3-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ, പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വകുപ്പിന്റെ തന്നെ 3-ാം ഉപവകുപ്പിൽ സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതിനോ, മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ നടത്താൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ ലംഘിച്ചാൽ സ്കൂളിന്റെ പ്രഥമാധ്യാപകനിൽ നിന്ന് 5000/- രൂപ പിഴ ഈടാക്കാൻ മലയാള ഭാഷാ പഠന ചട്ടങ്ങൾ-2018, ചട്ടം 8-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരി

ശോധനയിൽ ടി. വകുപ്പിലെ വ്യവസ്ഥകളുടെ ലംഘനം ശ്രദ്ധയിൽപെട്ടാൽ നിയമാനുസൃതം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കേണ്ടതാണ് (ചട്ടം 8, 9 എന്നിവ കാണുക).

(7) സി.ബി.എസ്.സി.ഇ, സി.ഐ.എസ്.സി.ഇ തുടങ്ങിയ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളും, അൺ-എയ്ഡഡ് സ്കൂളുകളും മേൽപറഞ്ഞ നിയമലംഘനം മൂന്ന് തവണ നടത്തിയാൽ സ്കൂളിന്റെ അംഗീകാരം അല്ലെങ്കിൽ നിരാക്ഷേപപത്രം റദ്ദാക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കേണ്ടതാണ് (ചട്ടം 10 കാണുക).

ശ്രേഷ്ഠഭാഷാ പദവി ലഭിച്ച നമ്മുടെ മാതൃഭാഷയുടെ വ്യാപനത്തിനായി സർക്കാർ പ്രസിദ്ധീകരിച്ച മലയാളഭാഷാ പഠന ചട്ടങ്ങളിലെ വ്യവസ്ഥകൾ നിർബന്ധമായി നമ്മുടെ സ്കൂളുകളിൽ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ജാഗ്രത കാട്ടേണ്ടതാണ്.

2017 ലെ മലയാള ഭാഷാ പഠന ആക്ടിന്റെ പകർപ്പ് കൂടി ഇതോടൊപ്പം അറിവിലേക്കായി അയക്കുന്നു. ആക്ടിന്റെയും ചട്ടങ്ങളുടെയും പകർപ്പുകൾ വിദ്യാഭ്യാസ ജില്ലയിലെ/ ഉപജില്ലയിലെ എല്ലാ സ്കൂൾ അധികൃതർക്കും നൽകി രസീത് ഫയലിൽ സൂക്ഷിക്കാൻ ബന്ധപ്പെട്ട ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

## മലയാള ഭാഷാ പഠന ചട്ടങ്ങൾ 2018
## വിദ്യാഭ്യാസ ജില്ലാതല പരിശോധനാ സമിതി 2018-19

വിദ്യാഭ്യാസ ജില്ലയുടെ പേര് :

| ക്രമ നമ്പർ | പേരും തസ്തികയും | സ്കൂളിന്റെ പേരും മേൽവിലാസവും | സ്ഥിര മേൽവിലാസം | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഒപ്പും സീലും

## മലയാള ഭാഷാ പഠന ചട്ടങ്ങൾ 2018
## റവന്യൂ ജില്ലാതല പരിശോധനാ സമിതി 2018-19

റവന്യൂ ജില്ലയുടെ പേര് :

| ക്രമ നമ്പർ | പേരും തസ്തികയും | സ്കൂളിന്റെ പേരും മേൽവിലാസവും | സ്ഥിര മേൽവിലാസം | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |

വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഒപ്പും സീലും

©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI
Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 6<br>Vol. VI | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2017 ജൂൺ 2<br>2nd June 2017<br>1192 ഇടവം 19<br>19th Idavam 1192<br>1939 ജ്യേഷ്ഠം 12<br>12th Jyaishta 1939 | നമ്പർ<br>No. 1140 |

## കേരള സർക്കാർ

നിയമ (നിയമനിർമ്മാണ-ഡി) വകുപ്പ്

## വിജ്ഞാപനം

നമ്പർ 8445/ലെഗ്.ഡി2/2017/നിയമം *തിരുവനന്തപുരം,* *2017 ജൂൺ 2* *1192 ഇടവം 19* *1939 ജ്യേഷ്ഠം 12.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2017 ജൂൺ 1-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2017.
33/1938/2017/S-15.

2017-ലെ 8-ാം ആക്റ്റ്

## 2017-ലെ മലയാള ഭാഷാപഠന ആക്റ്റ്

സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം ഒരു നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

പീഠിക.—സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷ നിർബന്ധിത ഭാഷയായി പഠിപ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ മലയാള ഭാഷാപഠന ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2017 ഏപ്രിൽ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻകീഴിലുണ്ടാക്കുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(സി) "സ്കൂളുകൾ" എന്നാൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകൾ എന്നർത്ഥമാകുന്നതും അതിൽ സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളിലേതെങ്കിലുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള അൺ-എയ്ഡഡ് സ്കൂളുകളും ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും, പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959-ലെ 6-ാം ആക്റ്റ്)-ലും 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും പ്രസ്തുത ആക്റ്റിലും ചട്ടങ്ങളിലും അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അർത്ഥമുണ്ടായിരിക്കുന്നതാണ്.

3. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം പഠിപ്പിക്കണമെന്ന്.—(1) തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ ഉത്തരവുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഒന്നാംതരം മുതൽ പത്താംതരം വരെയുള്ള ക്ലാസ്സുകളിൽ 2017-18 അദ്ധ്യയനവർഷം മുതൽ മലയാളം ഒരു ഭാഷയായി പഠിപ്പിക്കേണ്ടതാണ്:

എന്നാൽ, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ, നിലവിലുള്ള പാഠ്യപദ്ധതി പ്രകാരം മലയാളഭാഷ പഠിപ്പിക്കാത്ത ഭാഷാന്യൂനപക്ഷ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകളിൽ മലയാളം പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) പാഠപുസ്തകം തയ്യാറാക്കേണ്ടതും ആയത് പഠിപ്പിക്കേണ്ടതുമാണ്.

(2) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

(3) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാള ഭാഷ സംസാരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിക്കൊണ്ടോ മറ്റേതെങ്കിലും ഭാഷ മാത്രമേ സംസാരിക്കാവൂ എന്ന രീതിയിലോ ഉള്ള ബോർഡുകളോ നോട്ടീസുകളോ പ്രദർശിപ്പിക്കുകയോ മറ്റേതെങ്കിലും തരത്തിലുള്ള പ്രചാരണങ്ങളോ നടത്തുവാൻ പാടുള്ളതല്ല.

(4) ഇതര സംസ്ഥാനങ്ങളിൽ നിന്നോ വിദേശ രാജ്യങ്ങളിൽ നിന്നോ സംസ്ഥാനത്ത് വന്ന് സ്കൂളുകളിൽ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് അതത് ക്ലാസുകളിലെ പാഠ്യപദ്ധതി പ്രകാരമുള്ള മലയാളഭാഷാ അദ്ധ്യയനം സാധ്യമാക്കുവാൻ കഴിയാത്ത സാഹചര്യമുള്ളപക്ഷം, അങ്ങനെയുള്ള വിദ്യാർത്ഥികളെ നിലവിലുള്ള പാഠ്യപദ്ധതി പ്രകാരമുള്ള പത്താംതരം പരീക്ഷയിലെ മലയാള ഭാഷയിലുള്ള പരീക്ഷയിൽനിന്നും ഒഴിവാക്കാവുന്നതും, സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന മലയാള പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്.

(5) സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യുക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇന്ത്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുടെ കീഴിലുള്ളതും ത്രിഭാഷാ പാഠ്യപദ്ധതി നിലവിലുള്ളതുമായ സ്കൂളുകൾക്ക് നിരാക്ഷേപപത്രം നൽകുന്നതിനുവേണ്ടിയുള്ള ഒരു നിബന്ധനയായി മലയാള ഭാഷാപഠനം ഏർപ്പെടുത്തേണ്ടതും അപ്രകാരം മലയാള ഭാഷാപഠനം ഏർപ്പെടുത്തിയിട്ടില്ലാത്ത സ്കൂളുകളുടെ നിരാക്ഷേപപത്രം റദ്ദാക്കേണ്ടതുമാണ്:

എന്നാൽ, അങ്ങനെയുള്ള സ്കൂളുകളിൽ ദ്വിഭാഷാ പദ്ധതി നിലവിലുള്ള ക്ലാസ്സുകളിൽ മലയാളം ഒരു ഭാഷയായി പഠിക്കാത്ത വിദ്യാർത്ഥികൾക്ക് മലയാളം ഭാഷ പഠിക്കുന്നതിനായി സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യുക്കേഷൻ റിസർച്ച് ആന്റ് ട്രെയിനിംഗ് (എസ്.സി.ഇ.ആർ.റ്റി.) തയ്യാറാക്കുന്ന പാഠപുസ്തകം പഠിപ്പിക്കേണ്ടതുമാണ്.

(6) 1958-ലെ കേരള വിദ്യാഭ്യാസ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് കീഴിൽ അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് അങ്ങനെയുള്ള സ്കൂളുകളിലെ ഒന്നാം തരം മുതൽ പത്താംതരം വരെയുള്ള എല്ലാ ക്ലാസ്സുകളിലും മലയാളഭാഷ പഠിപ്പിക്കണമെന്നുള്ളത് ഒരു നിബന്ധനയാക്കേണ്ടതാണ്.

(7) ഭാഷാ ന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള സ്കൂളുകളിലും ഓറിയന്റൽ സ്കൂളുകളിലും ക്രമാനുഗതമായുള്ള മലയാള പഠനത്തിന് ആവശ്യമായ സൗകര്യം നിർണ്ണയിക്കാവുന്ന രീതിയിൽ സർക്കാർ ചെയ്തുകൊടുക്കേണ്ടതാണ്.

4. ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ ലംഘനത്തിനുള്ള പിഴ.—(1) ഈ ആക്റ്റിലെ 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകൾ ലംഘിക്കുന്ന സ്കൂളുകളിലെ പ്രധാന അധ്യാപകന് അയ്യായിരം രൂപ പിഴ ചുമത്തേണ്ടതാണ്.

(2) സർക്കാർ ഇതിലേക്കായി അധികാരപ്പെടുത്തിയ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴ പ്രസ്തുത പ്രധാന അധ്യാപകനിൽ നിന്നും നിർണ്ണയിക്കാവുന്ന രീതിയിൽ ഈടാക്കേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഉത്തരവിനെതിരെ, പ്രധാനാദ്ധ്യാപകന് അങ്ങനെയുള്ള ഉത്തരവുകിട്ടി മുപ്പത് ദിവസത്തിനുള്ളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിക്കാവുന്നതും അങ്ങനെയുള്ള അപ്പീൽ ആയത് സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനുള്ളിൽ തീർപ്പാക്കേണ്ടതുമാണ്.

(4) 3-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെയോ (3)-ാം ഉപവകുപ്പിലെയോ വ്യവസ്ഥകളുടെ ലംഘനം മൂന്നുതവണ ഉണ്ടാകുന്നപക്ഷം നിർണ്ണയിക്കാവുന്ന രീതിയിൽ സർക്കാരിന്, അൺ-എയ്ഡഡ് സ്കൂളുകളുടെ സംഗതിയിൽ, പ്രസ്തുത സ്കൂളിന്റെ അംഗീകാരം റദ്ദാക്കുകയും, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ (സി.ബി.എസ്.ഇ.), കൗൺസിൽ ഫോർ ദി ഇൻഡ്യൻ സ്കൂൾ സർട്ടിഫിക്കറ്റ് എക്സാമിനേഷൻ (സി.ഐ.എസ്.സി.ഇ.) എന്നീ ബോർഡുകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്കൂളുകളുടെ സംഗതിയിൽ, അങ്ങനെയുള്ള സ്കൂളുകൾക്ക് നൽകിയിട്ടുള്ള നിരാക്ഷേപ പത്രം റദ്ദാക്കുകയും ചെയ്യാവുന്നതാണ്.

5. സിവിൽ കോടതികളുടെ ആധികാരികതയ്ക്ക് വിലക്ക്.—ഈ ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് സംബന്ധിച്ച് ഏതെങ്കിലും വ്യവഹാരമോ, അപേക്ഷയോ, മറ്റ് നടപടിയോ യാതൊരു സിവിൽ കോടതിയും പരിഗണനയ്ക്കെടുക്കാൻ പാടില്ലാത്തതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനംവഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി, പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന, ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗംവരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

7. <u>വൈഷമ്യങ്ങൾ നീക്കംചെയ്യുന്നതിനുള്ള അധികാരം</u>.—(1) ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ വിജ്ഞാപനംചെയ്ത ഉത്തരവുവഴി, അങ്ങനെയുള്ള വൈഷമ്യം നീക്കംചെയ്യുന്നതിലേക്ക് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ, വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള യാതൊരു ഉത്തരവും ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ടു വർഷക്കാലത്തിനുശേഷം പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ചതിനുശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

8. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—(1) 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ് (2017-ലെ 5) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

GOVERNMENT OF KERALA

**Law (Legislation-D) Department**

NOTIFICATION

No. 8445/Leg.D2/2017/Law.

*Dated, Thiruvananthapuram,* *2nd June, 2017* / *19th Idavam, 1192* / *12th Jyaishta, 1939.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorize the publication in the Gazette of the following translation in English language of the Malayalam Language Learning Act, 2017 (8 of 2017).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of the "2017-ലെ മലയാള ഭാഷാപഠന ആക്റ്റ്" published under the authority of the Governor.]

## ACT 8 OF 2017

## MALAYALAM LANGUAGE LEARNING ACT, 2017

*An Act to provide for teaching Malayalam as a compulsory language in all schools in the State and for matters connected therewith or incidental thereto.*

*Preamble.*—WHEREAS, it is expedient to provide for teaching Malayalam as compulsory language in all schools in the State and for matters connected therewith or incidental thereto;

BE it enacted in the Sixty-eighth Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Malayalam Language Learning Act, 2017.

(2) It shall be deemed to have come into force on the 10th day of April, 2017.

2. *Definitions.*—(1) In this Act, unless the context otherwise requires,—

(a) "Government" means Government of Kerala;

(b) "prescribed" means prescribed by rules made under this Act;

(c) "schools" mean Government, aided and un-aided schools, and includes un-aided schools affiliated to any of the boards such as the Central Board of Secondary Education (CBSE) or the Council for the Indian Schools Certificate Examination (CISCE);

(d) "State" means the State of Kerala.

(2) Words and expressions used and not defined in this Act, but defined in the Kerala Education Act, 1958 (6 of 1959) and the Kerala Education Rules, 1959 shall have the same meaning respectively assigned to them in the said Act and the Rules.

3. *Malayalam to be taught in all schools in the State.*—(1) Notwithstanding anything contained in any Act or any rules or orders made thereunder for the time being in force, Malayalam shall be taught as a language in classes from first standard to tenth standard in all schools in the State from the academic year 2017-18:

Provided that in those schools including linguistic minority schools where Malayalam language is not being taught as per the existing curriculum at the date of commencement of this Act, the State Council for Education Research and Training (SCERT) shall prepare text book for teaching Malayalam and the same shall be taught.

(2) No restriction shall be imposed for speaking Malayalam in schools in the State either directly or indirectly.

(3) No board or notice shall be displayed or no other campaign shall be conducted in schools in the State imposing restrictions in speaking Malayalam language or that some other language alone shall be spoken.

(4) If there are situations where learning Malayalam language in the respective classes as per curriculum is not possible for the students who come from other States or foreign countries to the State and continue studies in the schools, such students may be exempted from Malayalam language examination in the tenth standard as per the existing curriculum and shall be taught the Malayalam text books prepared by the State Council for Educational Research and Training (SCERT).

(5) Malayalam language learning shall be made as a condition for granting No Objection Certificate to schools under the Central Board of Secondary Education (CBSE) and the Council for the Indian School Certificate Examination (CISCE) where trilingual curriculum is existing and the no objection certificate of the schools which are not provided with such Malayalam learning shall be cancelled:

Provided that in such schools, for the students who are not studying Malayalam as a language in the classes where bilingual curriculum is followed text books prepared by the State Council for Educational Research and Training (SCERT) for learning Malayalam language shall be taught.

(6) Teaching Malayalam language in all classes from first standard to tenth standard shall be made as a condition for granting recognition to un-aided schools under the provisions of the Kerala Education Act, 1958 and rules made thereunder.

(7) Government shall provide necessary facilities for learning Malayalam progressively in schools exclusively for linguistic minorities and in oriental schools, in the manner as may be prescribed.

4. *Fine for violation of provision of the Act and Rules.*—(1) The Headmaster of the school that violates the provisions of sub-section (2) or sub-section (3) of section 3 of this Act shall be imposed with a fine of five thousand rupees.

(2) An officer not below the rank of Deputy Director of Education authorized by Government in this behalf shall realize the fine under sub-section (1), from such Headmaster, in the manner as may be prescribed.

(3) Against an order under sub-section (1), the Headmaster may file an appeal before the Director of Public Instruction within thirty days from the date of receipt of such order and such appeal shall be disposed of within thirty days from the date of its submission.

(4) If there occurs three violations of the provisions of sub-section (2) or sub-section (3) of section 3, in the case of un-aided schools the recognition of such schools may be cancelled and in the case of schools affiliated to the Central Board of Secondary Education (CBSE) and the Council for the Indian Schools Certificate Examination (CISCE) the no objection certificate granted to such schools may be cancelled by the Government, in the manner as may be prescribed.

5. *Bar on jurisdiction of Civil Courts.*—No civil court shall entertain any suit, application or other proceeding in respect of any order issued under this Act.

6. *Power to make rules.*—(1) The Government may, by notification in the Gazette, make rules with prospective or retrospective effect, for the purpose of carrying out the provisions of this Act.

(2) Every rule made under this Act shall be laid, as soon as may be after it is made, before the Legislative Assembly while it is in session for a total period of fourteen days which may be comprised in one session or in two successive sessions, and if, before the expiry of the session in which it is so laid or the session immediately following the Legislative Assembly makes any modification in the rule or decides that the rule should not be made, the rule shall thereafter have effect only in such modified form or be of no effect, as the case may be, so however that any such modification or annulment shall be without prejudice to the validity of anything previously done under that rule.

7. *Removal of difficulties.*—(1) If any difficulty arises in giving effect to the provisions of this Act, the Government may by Order published in the Gazette do anything not inconsistent with the provisions of this Act, which appears to them to be necessary or expedient for removing the difficulty:

Provided that no Order shall be made under this section after the expiration of two years from the date on which this Act comes into force.

(2) Every Order published under this section shall, as soon as may be after its publication, be laid before the Legislative Assembly.

8. *Repeal and saving.*—(1) Malayalam Language (Compulsory Language) Ordinance, 2017 (5 of 2017) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the said Ordinance shall be deemed to have been done or taken under this Act.